# രാഷ്ട്രീയ പാർട്ടികളെ സി.എം.ആർ.എൽ വിലയ്ക്കെടുത്തിരിക്കുന്നു

**കെ.ജി. ജോഷി**

(സ്വകാര്യമേഖലയിൽ ഖനനാനുമതി കിട്ടുന്നതിനായി ശ്രമിക്കുന്ന സി.എം.ആർ.എൽ കമ്പനി സ്ഥിതി ചെയ്യുന്ന കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡ് മെമ്പർ. സി.എം.ആർ.എല്ലിന്റെ മലിനീകരണത്തിനെതിരെ നാളുകളായി സമരത്തിൽ)

സ്വകാര്യ മേഖലയിൽ കരിമണൽ ഖനനത്തിനായുള്ള നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സി.എം.ആർ.എൽ കമ്പനി എന്റെ വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. മലിനീകരണം ഉണ്ടാക്കാതെയാണ് പ്രവർത്തിക്കുന്നത് എന്ന സി.എം.ആർ.എല്ലിന്റെ വാദം പൊള്ളയാണെന്ന് എനിക്ക് നന്നായറിയാം. 22 വർഷമായി കമ്പനി വന്നിട്ട്. ഞാൻ 20 വർഷമായി ഈ വാർഡിലെ മെമ്പറാണ്. കമ്പനി പ്രവർത്തനം തുടങ്ങിയ കാലം മുതൽ പ്രദേശത്ത് രൂക്ഷമായ മലിനീകരണം ഉണ്ടാകുന്നുണ്ട്. ഐ.ആർ.ഇ ഖനനം നടത്തി കൈമാറുന്ന ഇൽമനൈറ്റിൽ നിന്നും സിന്തറ്റിക് റൂട്ടെയിൽ നിർമ്മിക്കുന്ന സി.എം.ആർ.എൽ ഉത്പാദന പ്രക്രിയയിൽ ഉണ്ടാകുന്ന മാലിന്യങ്ങളെല്ലാം പെരിയാറിലേക്കാണ് ഒഴുക്കുന്നത്. ആസിഡ് ഉപയോഗിച്ചുള്ള പ്രോസസിംഗിലൂടെയാണ് ഇൽമനൈറ്റിനെ സിന്തറ്റ് റൂട്ടെയിൽ ആക്കി മാറ്റുന്നത്. ഇതിന്റെ ഭാഗമായുണ്ടാകുന്ന ആസിഡ് കലർന്ന മലിനജലമാണ് അവർ പുഴയിലേക്ക് ഒഴുക്കുന്നത്. ഫെറസ് ക്ലോറൈഡ് എന്ന അമ്ലത കൂടിയതും നിരവധി ഘന ലോഹങ്ങൾ അടങ്ങിയതുമായ മാലിന്യങ്ങളാണ് കമ്പനി പുഴയിലേക്ക് തള്ളുന്നതെന്ന് പല വിദഗ്ധ പഠനങ്ങളും കണ്ടെത്തിയിട്ടുണ്ട്. രാത്രിയുടെ മറവിൽ അതീവ രഹസ്യമായാണ് മാലിന്യങ്ങൾ പുഴയിലേക്ക് പമ്പ് ചെയ്യാറുള്ളത്. ഇതെല്ലാം അവഗണിച്ചുകൊണ്ടാണ് കമ്പനി പ്രവർത്തിക്കുന്നത്. എല്ലാ രാഷ്ട്രീയ പാർട്ടികളിലെയും ഉന്നത നേതൃത്വങ്ങളെ വി

➩ കമ്പനിക്ക് ലൈസൻസ് പുതുക്കി നൽകാൻ മത്സരിക്കുന്ന പഞ്ചായത്താണിത് ➩



ആലപ്പാട്ടെ ഐ.ആർ.ഇയുടെ മൈനിംഗ് സൈറ്റ്. കടലെടുത്തുപോയ ഐ.ആർ.ഇയുടെ മൈനിംഗ് സൈറ്റ് ഓഫീസും ചിത്രത്തിൽ കാണാം.

ലയ്ക്കെടുത്തിരിക്കുന്ന കമ്പനിയാണിത്. അതുകൊണ്ടാണ് കമ്പനിക്കെതിരെ ആരും രംഗത്ത് വരാത്തത്. പരിസ്ഥിതി വിഷയങ്ങളിൽ നിലപാടുള്ള വി.എസ്. അച്ചുതാനന്ദൻ വരെ സി.എം.ആർ.എല്ലിന് അനുകൂലമായി രംഗത്ത് വന്നത് നാം കണ്ടതാണല്ലോ. ഞാൻ കോൺഗ്രസ് പാർട്ടിയുടെ മെമ്പറാണ്. എന്റെ പാർട്ടിയിലുള്ള നേതാക്കന്മാരും സി.എം.ആർ.എല്ലിന്റെ സ്വാധീനത്തിൽ പെട്ടിട്ടുണ്ട്. പക്ഷെ, ഞങ്ങൾ നാട്ടുകാരെല്ലാം ഒറ്റക്കെട്ടായി കമ്പനിക്കെതിരായി നിലപാട് സ്വീകരിക്കുന്നവരാണ്. പഞ്ചായത്തിലും എനിക്ക് പൂർണ്ണമായ പിന്തുണയില്ല. കമ്പനിക്ക് ലൈസൻസ് പുതുക്കി നൽകാൻ മത്സരിക്കുന്ന പഞ്ചായത്താണിത്. എന്നാലും ചില മെമ്പർമാർ എന്റെ ഒപ്പമുണ്ട്. എല്ലാവരും കമ്പനിയുടെ ആളുകളല്ല.

എന്റെ വാർഡിൽ ഇപ്പോൾ ഇരുപതിലേറെ പേർ കാൻസർ രോഗികളാണ്. നാല് പേർ അടുത്തിടെ മരണപ്പെട്ടു. കിണറുകളിലെല്ലാം ആസിഡ് കലർന്നതോടെ വെള്ളം കുടിക്കാനില്ലാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. 2012ൽ മലിനീകരണ നിയന്ത്രണ ബോർഡും ആരോഗ്യ വകുപ്പും ജലഅതോറിറ്റിയും നടത്തിയ പഠനത്തിൽ ഈ വാർഡിലെ വെള്ളം കുടിക്കാൻ യോഗ്യമല്ലെന്ന് കണ്ടെത്തിയിരുന്നു. കമ്പനി ഇക്കാര്യങ്ങളൊന്നും പരിഗണിക്കാൻ തയ്യാറല്ലാത്തതിനാൽ അടുത്തിടെ എം.എൽ.എ ഫണ്ടിൽ നിന്നും 276 കുടുംബങ്ങൾക്ക് സൗജന്യ വാട്ടർ കണക്ഷൻ അനുവദിക്കുകയായിരുന്നു.

സി.എം.ആർ.എല്ലിന്റെ മലിനീകരണത്തിന് എതിരായ സമരത്തിന് വാർഡിലെ എല്ലാ ജനങ്ങളുടെയും പിന്തുണ എനിക്കുണ്ട്. കമ്പനിയിലെ 40 ഓളം തൊഴിലാളികൾ എന്റെ വാർഡിലുണ്ട്. അവർ പോലും കമ്പനി മലിനീകരണമുണ്ടാക്കുന്നതായി സമ്മതിക്കുന്നുണ്ട്. വാർഡ് വെൽഫെയർ അസോസിയേഷൻ രൂപീകരിച്ച് മലിനീകരണത്തിന് എതിരായ പ്രവർത്തനങ്ങൾ ജനങ്ങളുടെ മുൻകൈയിൽ സജീവമാക്കുകയാണ് ഞങ്ങൾ.■


**കോപ്പി കിട്ടുന്നില്ലേ???**

വരിസംഖ്യയടച്ചിട്ടും കേരളീയം കിട്ടുന്നില്ലെങ്കിൽ ഉടൻ വിളിക്കുക.

**9446586943, 9633958912**